**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2729** **24-02-2026 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ പട്ടികവർഗ്ഗ ഉന്നതികളിൽ സാമൂഹിക പഠനമുറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ എല്ലാ പട്ടികവർഗ്ഗ ഉന്നതികളിലും സാമൂഹിക പഠനമുറികൾ ആരംഭിക്കുവാനും ആയതിൽ ഫെസിലിറ്റേറ്റർമാരെ നിയമിക്കുവാനും പ്രഭാത ഭക്ഷണം ഏർപ്പെടുത്തുവാനും വേണ്ട നടപടികൾ സ്വീകരിക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ കരുളായി, അമരമ്പലം, ചോക്കാട്, ചാലിയാർ, ചുങ്കത്തറ, പോത്തുകൽ എന്നീ പഞ്ചായത്തുകളിലായി 6 സാമൂഹ്യപഠനമുറികൾ നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്. കുറഞ്ഞത് 20 വിദ്യാർത്ഥികളെങ്കിലും ഉള്ള ഉന്നതികളിൽ ആണ് സാമൂഹ്യ പഠനമുറികൾ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. കുറഞ്ഞത് 20 വിദ്യാർത്ഥികൾ ഉള്ള ഉന്നതികളിൽ കുടിവെള്ളം വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾ ഉള്ള കെട്ടിടങ്ങൾ ലഭിക്കുന്ന പക്ഷം പ്രോജക്ട് ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സാമൂഹ്യ പഠനമുറികൾ ആരംഭിക്കുന്നതു പരിഗണിക്കുന്നതാണ്. സാമൂഹ്യ പഠനമുറികളിൽ പ്രഭാത ഭക്ഷണം ഏർപ്പെടുത്തുന്ന വിഷയം സംബന്ധിച്ച നിലവിൽ നടപടികൾ കൈക്കൊണ്ടിട്ടില്ല. |
| (ബി) | ഫെസിലിറ്റേറ്റർമാർക്ക് എൽ.പി. ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ എഴുത്തും വായനയും പഠിപ്പിക്കുക, മറ്റ് ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളെ ഇംഗ്ലീഷ്, കണക്ക്, സയൻസ് വിഷയങ്ങൾ പരിശീലിപ്പിക്കുക എന്നീ ചുമതലകൾ നൽകുവാനും അവരുടെ പ്രവൃത്തി സമയം രാവിലെ 8 മണി മുതൽ 9.30 വരെയും വൈകുന്നേരം 4.30 മുതൽ 9 മണിവരെയുമായി നിശ്ചയിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുമോ? | (ബി) | എൽ.പി. ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ എഴുത്തും വായനയും പഠിപ്പിക്കുക, മറ്റ് ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളെ ഇംഗ്ലീഷ് കണക്ക്, സയൻസ് വിഷയങ്ങൾ പരിശീലിപ്പിക്കുന്നതിനുമുള്ള ചുമതല സാമൂഹ്യ പഠന മുറികളിലെ ഫെസിലിറ്റേറ്റർമാർക്കു നൽകിയിട്ടുണ്ട്. സ്കൂൾ പ്രവർത്തി ദിവസങ്ങളിൽ വൈകുന്നേരം 4.30 മുതൽ 7 മണിവരെയും അവധി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 1 മണിവരെയും ആണ് നിലവിൽ പ്രവർത്തിക്കുന്നത്. വനാതിർത്തികളിലോ വനത്തിനുള്ളിലോ സ്ഥിതി ചെയ്യുന്ന സാമൂഹ്യ പഠന മുറികളുടെ പ്രവർത്തനം വന്യമൃഗ ശല്യം പോലുള്ള പ്രശ്നങ്ങൾ ഉണ്ടാവാൻ സാധ്യത ഉള്ളതിനാൽ രാത്രി 9 മണിവരെ ആക്കുന്നത് നിലവിൽ പ്രായോഗികമല്ല. പല വിദ്യാർത്ഥികളും വ്യത്യസ്ഥ സ്കൂളുകളിൽ പഠിക്കുന്ന വരും വിദ്യാവാഹിനി പദ്ധതി പ്രയോജനപ്പെടുത്തുന്നവരും ആയിരിക്കും . സ്കൂൾ അധ്യയനം ആരംഭിക്കുന്നതിനു മുൻപായി സ്കൂളുക ളിൽ |

| | | | |
|---|---|---|---|
| | | | എത്തിച്ചേരേണ്ടതായിട്ടുമുണ്ട്. ആയതിനാൽ രാവിലെ 8 മണി മുതൽ 9.30 വരെ സാമൂഹ്യ പഠന മുറികളിൽ ക്ലാസുകൾ എടുക്കുന്നത് നിലവിൽ പ്രായോഗികമല്ല |

സെക്ഷൻ ഓഫീസർ